**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 224** **10-06-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ അനുവദിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (എ) | നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിൽ എത്തി നിൽക്കുകയാണ്. കിഫ്ബി ഫണ്ടിൽ നിന്നും 1,57,00,000/-(ഒരു കോടി അൻപത്തി ഏഴ് ലക്ഷം രൂപ) ചിലവിൽ കെ.എച്ച്.ആർ.ഡബ്ലിയു.എസ് ആണ് സിവിൽ നിർമ്മാണപ്രവർത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.<br><br>ഡയാലിസിസ് സെന്ററിന്റെ സിവിൽ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ ജോലികളും പൂർത്തിയായി. നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലവിൽ 6 ലോ ടെൻഷൻ (LT) സർവീസ് കണക്ഷൻ ആണ് ഉള്ളത്. ഡയാലിസിസ് യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിലേക്കുള്ള സർവീസ് കണക്ഷനിൽ ഡയാലിസിസിന്റെ അധിക ലോഡ് ഉൾപ്പെടുത്തി ഒറ്റ കണക്ഷൻ ആയി ഒരു 250 KVA യുടെ പ്രത്യേക ട്രാൻസ്ഫോർമർ സ്ഥാപിച്ച് ആശുപത്രിയിലേക്ക് വേണ്ടി മാത്രം വൈദ്യുതി വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള പ്രവൃത്തികൾ ചെയുവാനുള്ള എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി-യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. അതോടൊപ്പം ആശുപത്രിയുടെ നിലവിലെ ഇലക്ട്രിക്കൽ പാനൽ, കേബിൾ സംബന്ധമായ ജോലികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയുവാനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പി.ഡബ്യു.ഡി ഇലക്ട്രിക്കൽ വിങ്ങിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായ ഉടൻ തന്നെ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിൽ എത്തി നിൽക്കുകയാണ്. കിഫ്ബി ഫണ്ടിൽ നിന്നും |

| | | | |
|---|---|---|---|
| | | | 1,57,00,000/-(ഒരു കോടി അൻപത്തി ഏഴ് ലക്ഷം രൂപ) ചിലവിൽ കെ.എച്ച്.ആർ.ഡബ്ലിയൂ.എസ് ആണ് സിവിൽ നിർമ്മാണപ്രവർത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.<br><br>ഡയാലിസിസ് സെന്ററിന്റെ സിവിൽ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ ജോലികളും പൂർത്തിയായി. നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലവിൽ 6 ലോ ടെൻഷൻ (LT) സർവീസ് കണക്ഷൻ ആണ് ഉള്ളത്. ഡയാലിസിസ് യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിലേക്കുള്ള സർവീസ് കണക്ഷനിൽ ഡയാലിസിസിന്റെ അധിക ലോഡ് ഉൾപ്പെടുത്തി ഒറ്റ കണക്ഷൻ ആയി ഒരു 250 KVA യുടെ പ്രത്യേക ട്രാൻസ്ഫോർമർ സ്ഥാപിച്ച് ആശുപത്രിയിലേക്ക് വേണ്ടി മാത്രം വൈദ്യുതി വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള പ്രവൃത്തികൾ ചെയുവാനുള്ള എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി-യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. അതോടൊപ്പം ആശുപത്രിയുടെ നിലവിലെ ഇലക്ട്രിക്കൽ പാനൽ, കേബിൾ സംബന്ധമായ ജോലികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയുവാനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പി.ഡബ്യൂ.ഡി ഇലക്ട്രിക്കൽ വിങ്ങിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായ ഉടൻ തന്നെ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ